സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാള്യം: 60 ലക്കം: 245 2026 ജനുവരി 08 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

മഞ്ചേരി, കാസർകോട്, ഇടുക്കി ജില്ലാ കോടതികളിൽ ചാവേർ ബോബ് ഭീഷണി

കാസർകോട്: മഞ്ചേരി, ഇടുക്കി, കാസർകോട് ജില്ലാ കോടതികളിൽ ചാവേർ ബോബ് പൊട്ടിത്തെറിക്കുമെന്ന് ഇ-മെയിലിടെ ഭീഷണി. തമിഴ് ലിബറേഷൻ ഓർഗനൈസേഷൻ (ടി.എൽ.ഒ) എന്ന സംഘടനയുടെ പേരിലാണ് ഭീഷണി സന്ദേശം. മുഹമ്മദ് അസ്ലം വിക്രം എന്ന പേരും മെയിലിൽ നൽകിയിട്ടുണ്ട്. ഉച്ചയ്ക്ക് 1.15ന് സ്ഫോടനമുണ്ടാകുമെന്നാണ് ഭീഷണി. മൂന്ന് ആർഡിഎക്സുമായി ഒരു മനുഷ്യ ചാവേർ ബോംബ് സ്ഥാപിച്ചിട്ടുണ്ടെന്നും സന്ദേശത്തിൽ പറയുന്നു. ഇതേ വിലാസത്തിൽ ബുധനാഴ്ച കോഴിക്കോട് മെഡിക്കൽ കോളേജിലേക്കും മെയിലിൽ ബോംബ് ഭീഷണി സന്ദേശം എത്തിയിരുന്നു. ഭീഷണി സന്ദേശം കോടതി നടപടികളെ ബാധിച്ചിട്ടുണ്ട്.

ലക്ഷ്യം ഇറാനോ? മധ്യേഷ്യയിലേക്ക് യുഎസിന്റെ വമ്പൻ സൈനികനീക്കം

വാഷിങ്ടൺ: വെനസ്വേലയ്ക്ക് പിന്നാലെ ഇറാനിലും സൈനികമായി ഇടപെടാൻ യുഎസ് തയ്യാറെടുക്കുന്നുവെന്ന് അഭ്യൂഹം. യുഎസ് വ്യോമസേനയുടെ ഏറ്റവും വലിയ ചരക്കുവിമാനമായ സി-5, സി-17 എന്നീ വിമാനങ്ങളും യുദ്ധവിമാനങ്ങൾക്ക് ആകാശത്തുവെച്ച് ഇന്ധനം നിറയ്ക്കാനായി ഉപയോഗിക്കുന്ന ടാങ്കർ വിമാനങ്ങളും മധ്യേഷ്യ ലക്ഷ്യമാക്കി നീങ്ങിയെന്ന റിപ്പോർട്ടുകളാണ് പുറത്തുവരുന്നത്. യുഎസിൽനിന്ന് യുകെയിലെ വ്യോമതാവളത്തിലേക്കാണ് ഇവ പുറപ്പെട്ടത്.

ബ്രിട്ടനിലെ ആർഎഎഫ് ഫെയർഫോർഡ്, മൈൽഡൻഹാൾ, ലേക്കൻഹീത്ത് എന്നീ വ്യോമതാവളങ്ങളിലാണ് യുഎസ് വിമാനങ്ങളെത്തിയത്. കഴിഞ്ഞ കുറച്ച് ദിവസങ്ങളിലായി ഇവിടേക്ക് വലിയ തോതിൽ ഇത്തരം വിമാനങ്ങൾ എത്തുന്നത് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. യൂറോപ്പിലേയും മധ്യേഷ്യയിലെയും യുഎസ് സൈനിക നീക്കങ്ങൾക്ക് ഉപയോഗിക്കുന്ന വ്യോമതാവളാണ് ഇവ.

സി-5, സി-17 ഗ്ലോബ് മാസ്റ്റർ വിമാനങ്ങൾ സൈനികർക്ക് പുറമെ ആയുധങ്ങളും സൈനിക ഉപകരണങ്ങളും വാഹനങ്ങളുമൊക്കെ കൊണ്ടുപോകാനായി ഉപയോഗിക്കുന്നവയാണ്. സൈനികർ, കനത്ത കവചിത വാഹനങ്ങൾ, ചിനൂക്ക്, ബ്ലാക്ക് ഹോക്ക് തുടങ്ങിയ ഹെലികോപ്റ്ററുകൾ എന്നിവ അതിവേഗം ലക്ഷ്യസ്ഥാനത്ത് എത്തിക്കാനാണ് ഇവ ഉപയോഗിക്കുന്നത്. വലിയ തോതിലുള്ള സൈനിക നീക്കമാണ് നടക്കുന്നതെന്നാണ് റിപ്പോർട്ട്

ഇത്തരത്തിലൊരു നീക്കം നടന്നതായി യുഎസ് ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല. എന്നാൽ, വിമാനങ്ങൾ വ്യോമതാവളങ്ങളിൽനിന്ന് പുറപ്പെട്ടുവെന്ന തരത്തിലുള്ള വീഡിയോകളും വിവരങ്ങളും 'എക്സ്'ൽ പ്രചരിക്കുന്നുണ്ട്. സൈനിക നിരീക്ഷകരുടെ അഭിപ്രായത്തിൽ, ഈ വിന്യസത്തിന്റെ വേഗതയും അളവും പരിശോധിക്കുമ്പോൾ ഇത് സാധാരണ പരിശീലനമല്ലെന്നും മറിച്ച്, അടിയന്തര സാഹചര്യങ്ങൾ നേരിടാനുള്ള മുൻകരുതൽ പദ്ധതികളുടെ ഭാഗമായാണെന്നുമാണ് വിലയിരുത്തൽ.

യുകെയിലെത്തിയ വിമാനങ്ങളിൽ പലതും അമേരിക്കയുടെ 160-ാമത് സ്പെഷ്യൽ ഓപ്പറേഷൻസ് ഏവിയേഷൻ റെജിമെന്റുമായി ബന്ധപ്പെട്ടവയാണെന്നത് അതീവപ്രാധാന്യം അർഹിക്കുന്നു. രാത്രികാലങ്ങളിൽ രഹസ്യമായി ശത്രുമേഖലകളിൽ സൈനികരെ എത്തിക്കുന്നതിൽ വൈദഗ്ധ്യമുള്ള വിഭാഗമാണിത്. ഇതിനുപുറമെ, കനത്ത ആയുധശേഷിയുള്ള എ.സി-13ജെ ഗോസ്റ്റ്റൈഡർ വിമാനങ്ങളും വിന്യസിച്ചിട്ടുണ്ട്. ഇവ കരസേനയ്ക്ക് വ്യോമസഹായം നൽകാനും ശത്രുലക്ഷ്യങ്ങളെ തകർക്കാനും ശേഷിയുള്ളവയാണ്. മധ്യേഷ്യയിലെ യുഎസ് സൈനിക താവളത്തിലേക്ക് പെട്ടെന്ന് എത്തുന്നതിന് വേണ്ടിയാണ് ഇവയെല്ലാമെന്നും റിപ്പോർട്ടുകളുണ്ട്.

മധ്യേഷ്യയിലേക്ക് ഇത്രയധികം വലിയൊരു സേനാനീക്കത്തിന്റെ ആവശ്യകത നിലവില്ല. അതിനാൽ ഇത് ലക്ഷ്യമിടുന്നത് ഇറാനെയാണെന്നാണ് അഭ്യൂഹം. കഴിഞ്ഞദിവസം യുഎസിന്റെ നിരീക്ഷണ വിമാനമായ പി-8 ഇറാന്റെ വ്യോമാതിർത്തി കടന്ന് നിരീക്ഷണം നടത്തിയെന്ന റിപ്പോർട്ടുകളും പുറത്തുവന്നിരുന്നു. ഇക്കാര്യം ഔദ്യോഗികമായി സ്ഥിരീകരിച്ചില്ലെങ്കിലും ഫ്ലൈറ്റ് റഡാർ വിവരങ്ങൾ പി-8ന്റെ സാന്നിധ്യം ഇറാൻ വ്യോമാതിർത്തിയിൽ സ്ഥിരീകരിക്കുന്നുണ്ട്. നേരിട്ടുള്ള ഏറ്റുമുട്ടലിന് പകരം ഇറാന് മേൽ സമ്മർദ്ദം ചെലുത്തുകയാണ് ഇതിന്റെ ലക്ഷ്യമെന്നും വ്യാഖ്യാനിക്കുന്നവരുണ്ട്.

ഇറാനിൽ ഭരണകൂട വിരുദ്ധ പ്രതിഷേധം ശക്തിപ്രാപിക്കുകയാണ്. നൂറിലേറെ നഗരങ്ങളിലാണ് പരമോന്നത നേതാവായ ആയത്തുള്ള ഖമനേയിക്കെതിരെ പ്രക്ഷോഭം നടക്കുന്നത്. രാജ്യത്തെ ഒട്ടുമിക്ക പ്രവിശ്യകളിലേക്കും പ്രക്ഷോഭം വ്യാപിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ വിരുദ്ധ പ്രക്ഷോഭകർക്ക് നേരെ സുരക്ഷാ ഉദ്യോഗസ്ഥർ വെടിയുതിർക്കുകയും ഒട്ടേറെ പേർ കൊല്ലപ്പെടുകയും ചെയ്തതിന് പിന്നാലെ ഇറാനിൽ സൈനിക ഇടപെടലുണ്ടാകുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നറിയിപ്പ് നൽകിയിരുന്നു.

ഈ മുന്നറിയിപ്പും ഇപ്പോഴത്തെ സൈനിക നീക്കവും തമ്മിൽ കൂട്ടിവായിച്ചാണ് അഭ്യൂഹങ്ങൾ പരക്കുന്നത്. ഇറാന്റെ ദേശീയ കറൻസിയായ റിയാലിന്റെ മൂല്യം കൂപ്പുകുത്തിയതും ഇതിനൊപ്പം അസഹനീയമായ തലത്തിലേക്ക് വിലക്കയറ്റം കൈവിട്ടുയർന്നതിനും പിന്നാലെയാണ് ഇറാനിൽ പ്രക്ഷോഭം പൊട്ടിപ്പുറപ്പെട്ടത്.

റെജി ലൂക്കോസ് ബിജെപിയിൽ ചേർന്നു

തിരു: ഇടത് സഹയാത്രികൻ റെജി ലൂക്കോസ് ബിജെപിയിൽ ചേർന്നു. ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിൽനിന്നാണ് റെജി ലൂക്കോസ് അംഗത്വം സ്വീകരിച്ചത്. ചാനൽ ചർച്ചകളിൽ ഇടതുപക്ഷത്തെ പ്രതിനിധീകരിച്ചിരുന്നയാളാണ് റെജി ലൂക്കോസ്. ദ്രവിച്ച ആശയങ്ങൾക്ക് ഇനി പ്രസക്തിയില്ലെന്ന് ബിജെപിയിൽ ചേർന്ന ശേഷം റെജി ലൂക്കോസ് പറഞ്ഞു.

'കേരളത്തിൽ രാഷ്ട്രീയ യുദ്ധത്തിനല്ല ഇനി അവസരം. പുതിയ തലമുറ നാടുവിടുകയാണ്. അവരെ ഇവിടെ പിടിച്ചുനിർത്തണം. പഴയ ദ്രവിച്ച ആശയങ്ങളുമായി ഇനി മുന്നോട്ട് പോയാൽ നമ്മുടെ നാട് ഒരു വൃദ്ധസദനമായി മാറും. ബിജെപിയുടെ ദേശീയ നേതൃത്വം പകർന്നുനൽകുന്ന വികസനവും ആശയങ്ങളും എന്നെ കുറേ നാളുകളായി സ്വാധീനിക്കുന്നുണ്ട്. ഉത്തരേന്ത്യയിൽ യാത്ര ചെയ്യുമ്പോൾ അവിടുത്തെ വികസനം എന്നെ ഞെട്ടിച്ചിട്ടുണ്ട്. കേരളത്തിൽ വികസനം ഇല്ലെന്ന് പറയുന്നില്ല. ബിജെപി വർഗീയവാദികളാണെന്നാണ് പറയുന്നത്. പക്ഷേ നിർഭാഗ്യവശാൽ എന്റെ പാർട്ടി കുറച്ചു മാസങ്ങളായി നടത്തി വരുന്നത് വർഗീയ വിഭജനത്തിന് വേണ്ടിയുള്ള ശ്രമങ്ങളാണ്. അത് എന്നെ ദുഃഖിപ്പിച്ചു. കേരളത്തിന് വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് ആഗ്രഹമുണ്ട്. ബിജെപി സംസ്ഥാന അധ്യക്ഷന്റെ വികസന ആശയങ്ങളും എന്നെ സ്വാധീനിച്ചു. ഞാനൊരു സിപിഎം അംഗമായിരുന്നു. അത് അവസാനിപ്പിച്ചു. കുറേ നാളുകളായി ബിജെപിയുടെ ആശയം എന്റെ ഉള്ളിലുണ്ട്.

ഓപ്പറേഷൻ സിന്ദൂർ; ഇന്ത്യയെ നേരിടാൻ പാകിസ്താൻ അമേരിക്കയോട് സഹായം അഭ്യർത്ഥിച്ചു



ഇസ്ലാമാബാദ്: ഓപ്പറേഷൻ സിന്ദൂറിലൂടെയുള്ള ഇന്ത്യയുടെ ആക്രമണം അവസാനിപ്പിക്കാൻ പാകിസ്താൻ അമേരിക്കയുടെ സഹായം തേടിയതായി വെളിപ്പെടുത്തുന്ന രേഖകൾ പുറത്ത്. അമേരിക്കയുടെ വിദേശ ഏജന്റ് രജിസ്ട്രേഷൻ ആക്ടിന് കീഴിൽ ഫയൽ ചെയ്ത രേഖകളിലാണ് ഈ വിവരങ്ങളുള്ളത്. സഹായത്തിന് പ്രതിഫലമായി കൂടുതൽ നിക്ഷേപങ്ങൾ, പ്രത്യേക പ്രവേശനം, നിർണ്ണായക ധാതുക്കളും പാകിസ്താൻ യുഎസിന് വാഗ്ദാനം ചെയ്തെന്നും രേഖകളിൽ പറയുന്നു.

പാക് അനുകൂല നിയമസ്ഥാപനമായ സ്കയർ പാറ്റൺ ബോൾസിന്റെ പട്ടിക പ്രകാരം പാകിസ്താൻ നയതന്ത്രജ്ഞരും പ്രതിരോധ ഉദ്യോഗസ്ഥരും ഇമെയിലുകൾ വഴിയും ഫോൺ കോളുകൾ വഴിയും അമ്പതിലധികം തവണ യുഎസ് അധികൃതരെ സമീപിച്ചുവെന്നും ഓപ്പറേഷനിടെ ഉദ്യോഗസ്ഥരുമായും ഇടനിലക്കാരുമായും യുഎസ് മാധ്യമങ്ങളുമായും നേരിട്ടുള്ള കൂടിക്കാഴ്ചകൾ ആവശ്യപ്പെട്ടു എന്നുമാണ്.

ഇന്ത്യയെ സംഭാഷണത്തിന് പ്രേരിപ്പിക്കാനും ഓപ്പറേഷൻ സിന്ദൂർ അവസാനിപ്പിക്കാനും യുഎസിനോട് പാകിസ്ഥാൻ അഭ്യർത്ഥിച്ചുവെന്നും യുഎസ് മധ്യസ്ഥതയെ സ്വാഗതം ചെയ്യുന്നുവെന്നും രേഖകൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയും പാകിസ്താനും തമ്മിലുള്ള യുദ്ധം താൻ നിർത്തിവെച്ചതായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പലതവണ അവകാശപ്പെട്ടിട്ടുണ്ട്.

ഏപ്രിൽ, മെയ് മാസങ്ങളിൽ പാകിസ്താൻ ലോബിയിങ്ങിനു ചെലവഴിക്കുന്ന തുക ഗണ്യമായി വർദ്ധിപ്പിച്ചത് എങ്ങനെയാണെന്ന് ന്യൂയോർക്ക് ടൈംസ് നേരത്തെ പുറത്തുവിട്ട ഒരു അന്വേഷണ റിപ്പോർട്ടിലും എടുത്തു കാണിച്ചിരുന്നു. 'മധ്യസ്ഥത വഹിക്കാനുള്ള അമേരിക്കയുടെ താല്പര്യം പാകിസ്താൻ സ്വാഗതം ചെയ്യും' എന്ന് പാകിസ്താൻ പറഞ്ഞതായി രേഖകൾ വെളിപ്പെടുത്തുന്നു.

'ഏപ്രിൽ 22-ന് പഹൽഗാമിലുണ്ടായ ആക്രമണത്തെക്കുറിച്ച് സ്വതന്ത്രവും നിഷ്പക്ഷവുമായ അന്വേഷണം നടത്തണമെന്ന് പാകിസ്താൻ ആവശ്യപ്പെടുന്നു. ഇതിൽ അമേരിക്കയുടെ സഹായം സ്വാഗതാർഹമായിരിക്കും. ഭീകരവാദ വിരുദ്ധ പ്രവർത്തനങ്ങൾ, സിന്ധു നദീജല കരാർ, ഇരു രാജ്യങ്ങളെയും വിഭജിക്കുന്ന എല്ലാ വിഷയങ്ങളിലും ഇന്ത്യയുമായി ചർച്ച നടത്താൻ പാകിസ്താൻ ആഗ്രഹിക്കുന്നു. ശക്തമായ പ്രാദേശിക ഭീകരവാദ വിരുദ്ധ സഹകരണത്തിൽ അമേരിക്കയെയും ഉൾക്കൊള്ളിക്കണം. ഇരു രാജ്യങ്ങൾക്കും സ്ഥിരീകരിക്കാവുന്ന കരാറുകളിൽ എത്താൻ ഒരു മൂന്നാം കക്ഷിക്ക് സഹായിക്കാൻ കഴിയുമെന്ന് പാകിസ്ഥാൻ വിശ്വസിക്കുന്നു.' റിപ്പോർട്ടിൽ പറയുന്നു.

ജമ്മു കശ്മീർ തർക്കം പരിഹരിക്കാനുള്ള ശ്രമങ്ങളെ പിന്തുണയ്ക്കാൻ പ്രസിഡന്റ് ട്രംപ് പ്രകടിപ്പിച്ച സന്നദ്ധതയെ പാകിസ്താൻ അഭിനന്ദിച്ചു. ഓപ്പറേഷൻ സിന്ദൂറിന് ശേഷം, യുഎസ്സുമായുള്ള ഉഭയകക്ഷി ബന്ധങ്ങളെക്കുറിച്ചുള്ള ഒരു രേഖയും പാകിസ്താൻ പുറത്തിറക്കി.

'അമേരിക്കയുമായുള്ള ഉഭയകക്ഷി ബന്ധം പുതുക്കാൻ പാകിസ്താൻ കാര്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാണ്. വ്യക്തവും മുന്നോട്ടുള്ളതുമായ ഒരു അജണ്ട ഇരു രാജ്യങ്ങളുടെയും ജനങ്ങളുടെയും പ്രധാന താൽപര്യങ്ങളെ സേവിക്കും. ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ളതും യുവത്വമുള്ളതുമായ രാജ്യങ്ങളിലൊന്നെന്ന നിലയിൽ, സാമ്പത്തിക വളർച്ചയ്ക്കും പാകിസ്താൻ വലിയ വാഗ്ദാനം നൽകുന്നു.' രേഖയിൽ പറയുന്നു.

ശബരിമല സ്വർണക്കൊള്ള: ഡി മണിക്ക് എസ്ഐടിയുടെ ക്ലീൻ ചിറ്റ്

കൊച്ചി: ശബരിമല സ്വർണക്കൊള്ളയിൽ ഡി മണിക്ക് ക്ലീൻ ചിറ്റ്. എസ്ഐടി ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകി. അതിനിടെ ദേവസ്വം ബോർഡ് മുൻ സെക്രട്ടറി എസ്. ജയശ്രീ എസ്ഐടിക്ക് മുൻപാകെ ഹാജരായി. അതേസമയം, സ്വർണക്കൊള്ളയിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് എ.പത്മകുമാർ ക്രിമിനൽ ഗൂഢാലോചന നടത്തിയെന്നും ജാമ്യം നിഷേധിച്ചുകൊണ്ടുള്ള കൊല്ലം വിജിലൻസ് കോടതി ഉത്തരവിൽ പറയുന്നു.

വേലിതന്നെ വിളവ് തിന്നുവെന്നു നിരീക്ഷിച്ച കോടതി ഉത്തരവാദിത്തത്തിൽ നിന്നു ഒഴിഞ്ഞുമാറാൻ കഴിയില്ലെന്നും ഉത്തരവിൽ ചൂണ്ടിക്കാട്ടുന്നു. തന്ത്രിയുടെ അഭിപ്രായം അവഗണിച്ചാണ് പാളികൾ കൊടുത്തുവിട്ടതെന്നും പത്മാകുമാറിനു പോറ്റിയുമായി 2018 മുതൽ ബന്ധമുണ്ടെന്നും എസ്.ഐ.ടി കോടതിയെ ധരിപ്പിച്ചു. പത്മകുമാറിന്റെ അക്കൗണ്ടുകൾ മരവിപ്പിക്കുമെന്നും എസ്.ഐ.ടി കോടതിയെ അറിയിച്ചു. വിധിയുടെ പകർപ്പ് പുറത്തുവന്നു.

കേസിലെ രണ്ട് പ്രതികളുടെ ജാമ്യാപേക്ഷ ഹൈക്കോടതി ഇന്ന് വീണ്ടും പരിഗണിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് എ.പത്മകുമാർ, സ്വർണ്ണവ്യാപാരി നാഗ ഗോവർദ്ധൻ എന്നിവരുടെ ജാമ്യാപേക്ഷകളിലാണ് ജസ്റ്റിസ് എ.ബദറുദ്ദിൻ വാദം കേൾക്കുക. സ്വർണക്കൊള്ളയിൽ പങ്കില്ല എന്നാണ് രണ്ട് പ്രതികളുടെയും വാദം. എ.പത്മകുമാറിനെതിരെ നിരവധി തെളിവുകൾ ഉണ്ടെന്നാണ് എസ്.ഐ.ടി ഹൈക്കോടതിയെ അറിയിച്ചത്.

പത്മകുമാർ നൽകിയ മൊഴിയും എസ്.ഐ.ടി കണ്ടെത്തിയ തെളിവുകളും തമ്മിൽ വൈരുദ്ധ്യമുണ്ട് എന്നുമാണ് അന്വേഷണ സംഘത്തിന്റെ സത്യവാങ്മൂലം. നാഗ ഗോവർദ്ധനും പങ്കജ് ഭണ്ഡാരിക്കും ഒപ്പം തെളിവുകൾ നശിപ്പിക്കാനും അന്വേഷണം അട്ടിമറിക്കാനും ഉണ്ണികൃഷ്ണൻ പോറ്റി ഗൂഢാലോചന നടത്തി എന്നാണ് എസ്.ഐ.ടിയുടെ കണ്ടെത്തൽ. ഇതിനുള്ള തെളിവുകൾ ഉൾപ്പെടെ ശേഖരിച്ചു എന്നും അന്വേഷണസംഘം കോടതിയെ അറിയിച്ചിട്ടുണ്ട്.

മാധവ് ഗാഡ്ഗിൽ അന്തരിച്ചു

തൃശ്ശൂർ: പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ (83) അന്തരിച്ചു. വാർദ്ധക്യസഹജമായ അസുഖങ്ങളെ തുടർന്ന് പൂനയിലെ ആശുപത്രിയിലായിരുന്നു അന്ത്യം. പശ്ചിമഘട്ട സംരക്ഷണത്തിന് പോരാടി. രാജ്യം പത്മഭൂഷൻ നൽകി ആദരിച്ചിട്ടുണ്ട്. സംസ്കാരം ഇന്ന് വൈകിട്ട് നാലു മണിക്ക്.

തൃശൂരിൽ വീണ്ടും അങ്കത്തിന് പി. ബാലചന്ദ്രൻ; ജോസഫ് ടാജറ്റും എം.ടി. രമേശും പരിഗണനയിൽ

തൃശൂർ: തൃശൂർ സീറ്റിൽ പാർട്ടി പറഞ്ഞാൽ വീണ്ടും മൽസരിക്കുമെന്ന് സിറ്റിങ് എം.എൽ.എ. പി.ബാലചന്ദ്രൻ. ഡി.സി.സി. പ്രസിഡൻറ് ജോസഫ് ടാജറ്റ് കോൺഗ്രസ് സ്ഥാനാർഥിയാകാൻ സാധ്യത. ബി.ജെ.പി. സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി.രമേശാകും എൻ.ഡി.എ. സ്ഥാനാർഥി.

പത്മജ വേണുഗോപാലിനേയും സുരേഷ് ഗോപിയേയും തോൽപിച്ചായിരുന്നു പി.ബാലചന്ദ്രൻ തൃശൂരിനെ ചുവപ്പിച്ചത്. രണ്ടു തവണയാണ് പി. ബാലചന്ദ്രൻ നിയമസഭയിലേക്ക് ജനവിധി തേടിയത്. ഒരിക്കൽ, തേറമ്പിൽ രാമകൃഷ്ണനോട് തോറ്റു. രണ്ടാം തവണ വിജയിച്ചു. പാർട്ടി ഇളവു നൽകിയാൽ മൂന്നാം ഊഴമാകും ബാലചന്ദ്രന്. വീണ്ടുമൊരു അങ്കത്തിന് ആരോഗ്യവാനാണെന്ന് ബാലചന്ദ്രൻ പറയുന്നു.

പി.ബാലചന്ദ്രന് സീറ്റില്ലെങ്കിൽ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡൻറ് വി.എസ്.പ്രിൻസ് സ്ഥാനാർഥിയാകാൻ സാധ്യതയുണ്ട്. തൃശൂർ ഡി.സി.സി. പ്രസിഡൻറ് ജോസഫ് ടാജറ്റിനാണ് പാർട്ടിയുടെ പ്രാഥമിക പരിഗണന. മുൻ മേയർ രാജൻ ജെ പല്ലനും, ഡപ്യൂട്ടി മേയർ എ. പ്രസാദും പട്ടികയിലുണ്ട്. ബി. ജെ.പി. സ്ഥാനാർഥിയായി എം.ടി.രമേശ് വന്നേക്കും. ഇനി, പൊതുസമ്മതനെ പരിഗണിക്കുകയാണെങ്കിൽ മുൻ ഡി.ജി.പി. ജേക്കബ് തോമസിനും സാധ്യതയുണ്ട്. ലോക്സഭാ തിരഞ്ഞെടുപ്പിൽ തൃശൂർ സീറ്റിൽ ബി.ജെ.പിയായിരുന്നു മുന്നിൽ. തദ്ദേശ തിരഞ്ഞെടുപ്പിൽ കോൺഗ്രസിന് പതിനായിരം വോട്ടിന്റെ ലീഡുണ്ട്. ബി.ജെ.പി. മൂന്നാം സ്ഥാനത്തും.

രണ്ട് ബസുകൾക്കുള്ളിൽ കുടുങ്ങി; ഓട്ടോഡ്രൈവർക്ക് ദാരുണാന്ത്യം

ഭുവനേശ്വർ: സിഗ്നലിൽ കാത്തു നിൽക്കുകയായിരുന്ന ഓട്ടോറിക്ഷക്ക് പിന്നിൽ ബസ് ഇടിച്ച് ഓട്ടോഡ്രൈവർക്ക് ദാരുണാന്ത്യം. ഭുവനേശ്വറിലെ റൂപാലി സ്ക്വയറിലാണ് സംഭവം. സിഗ്നലിൽ മറ്റൊരു ബസിന് പിറകിൽ കാത്തുനിൽക്കുന്ന ഓട്ടോയുടെ പിന്നിലാണ് നിയന്ത്രണം വിട്ട ബസ് ഇടിച്ചത്. ഇരു ബസുകൾക്കിടയിൽ കുടുങ്ങിയ ഡ്രൈവർ വിഷ്ണു പാട്രോ (62) സംഭവസ്ഥലത്ത് വെച്ച് തന്നെ മരിച്ചു.

ഇടിയുടെ ആഘാതത്തിൽ ഓട്ടോറിക്ഷ പൂർണ്ണമായും തകരുന്നതും ഓട്ടോ മുന്നിലുള്ള ബസിൽ ഇടിച്ച് പൂർണ്ണമായി നശിക്കുന്നതിന്റെയും ഡാഷ് കാം ദൃശ്യങ്ങൾ സമൂഹമാധ്യമത്തിൽ പ്രചരിക്കുന്നുണ്ട്. ഓട്ടോറിക്ഷയിൽ ഡ്രൈവർക്ക് പുറമേ രണ്ട് യാത്രക്കാരും ഉണ്ടായിരുന്നു. ഇരുവരും പരിക്കുകളോടെ രക്ഷപ്പെട്ടു. സംഭവത്തിന് ശേഷം ബസ് ഡ്രൈവറും കണ്ടക്ടറും ഓടി രക്ഷപ്പെട്ടെങ്കിലും ഡ്രൈവർ സചിത്ര കുമാർ സഹോയെ പൊലീസ് അറസ്റ്റ് ചെയ്തു.

ജനുവരി 3ന് നടന്ന അപകടത്തിന്റെ ഡാഷ് കാം വിഡിയോ ഈയിടെയാണ് പുറത്തു വന്നത്. ഒഡിഷയിലെ പൊതുഗതാഗത ബസായ അമയാണ് ഓട്ടോറിക്ഷക്ക് പിന്നിൽ കൂട്ടിയിടിച്ചത്. എന്താണ് നടന്നത് എന്നതിനെ കുറിച്ച് ബസ് ഡ്രൈവർക്ക് ഉത്തരം നൽകാൻ സാധിച്ചില്ലെന്ന് പൊലീസ് അറിയിച്ചു. അപകടത്തെ തുടർന്ന് രോഷാകുലരായ ജനങ്ങൾ അപകടമുണ്ടാക്കിയ ബസിനെയും അത് വഴി പോവുകയായിരുന്ന മറ്റ് രണ്ട് അമ ബസിനെയും ആക്രമിച്ചു.

വിമാനങ്ങൾ നിർമിക്കാൻ ഒരുങ്ങി അദാനി; പ്രഖ്യാപനം ഉടൻ

മുംബൈ: ശതകോടീശ്വരൻ ഗൗതം അദാനിയുടെ കമ്പനി രാജ്യത്ത് വിമാനങ്ങൾ നിർമിക്കാൻ ഒരുങ്ങുന്നു. ആഭ്യന്തര വിമാന യാത്രകൾക്ക് വേണ്ടിയുള്ള ജെറ്റുകളായിരിക്കും നിർമിക്കുക. ബ്രസീൽ വിമാന കമ്പനിയായ എംബ്രയറുമായി ചേർന്ന് ജെറ്റുകൾ നിർമിക്കാൻ അദാനി കരാർ ഒപ്പിട്ടതായാണ് റിപ്പോർട്ട്. 70 മുതൽ 146 വരെ യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്നതായിരിക്കും വിമാനങ്ങൾ. എംബ്രയർ വൃത്തങ്ങളെ ഉദ്ധരിച്ച് ടൈംസ് ഓഫ് ഇന്ത്യയാണ് ഇതു സംബന്ധിച്ച വാർത്ത റിപ്പോർട്ട് ചെയ്തത്.

ഇറക്കുമതി ചെയ്ത ഘടകങ്ങൾ കൂട്ടിച്ചേർത്ത് വിമാനം നിർമിക്കാനാണ് ധാരണ. അദാനി എയറോസ്പേസ് കമ്പനിയാണ് ധാരണാ പത്രത്തിൽ ഒപ്പിട്ടത്. കേന്ദ്ര സർക്കാറിന്റെ 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിക്ക് ഊർജം പകരുന്നതാണ് അദാനിയുടെ നീക്കം. അതേസമയം, പദ്ധതി സംബന്ധിച്ച് അദാനിയും എംബ്രയറും പ്രതികരിച്ചിട്ടില്ല. വിമാന നിർമാണ പ്ലാന്റ് എവിടെ സ്ഥാപിക്കും, നിക്ഷേപത്തുക എത്ര എന്നതു സംബന്ധിച്ച വിശദ വിവരങ്ങളും ലഭ്യമായിട്ടില്ല. ഈ മാസം അവസാനത്തോടെ ഹൈദരാബാദിൽ നടക്കുന്ന എയർ ഷോയിൽ പദ്ധതി പ്രഖ്യാപനമുണ്ടാകുമെന്നാണ് റിപ്പോർട്ട്.

ലോകത്ത് ഏറ്റവും വേഗത്തിൽ വളരുന്ന വ്യോമയാന വിപണിയാണ് ഇന്ത്യ. എയർ ഇന്ത്യ, ഇൻഡിഗോ, ആകാശ, സ്പൈസ് ജെറ്റ് തുടങ്ങിയ കമ്പനികൾ 1800 ലേറെ വിമാനങ്ങൾക്കാണ് ഓർഡർ ചെയ്തു കാത്തിരിക്കുന്നത്. 80 മുതൽ 146 വരെ യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന ചെറിയ വിമാനങ്ങളുടെ വിപണി വളരെ വിശാലമാണെന്ന് എംബ്രയർ സീനിയർ വൈസ് പ്രസിഡന്റ് റൗൾ വില്ലറൻ പറഞ്ഞു. ഇന്ത്യക്ക് അടുത്ത 20 വർഷത്തിനുള്ളിൽ 500 ചെറിയ വിമാനങ്ങൾ വേണ്ടി വരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നിലവിൽ യു.എസിലും ബ്രസീലിലും മാത്രമാണ് എംബ്രയറിന് വിമാന നിർമാണ പ്ലാന്റുകളുള്ളത്.

ഇന്ത്യയിൽ വിമാന നിർമാണം തുടങ്ങാൻ ആഗോള കമ്പനികളെ കേന്ദ്ര സർക്കാർ ക്ഷണിച്ചതിന് പിന്നാലെയാണ് എംബ്രയറിന്റെ വരവ്. ഇന്ത്യയിൽ നിർമിച്ച വിമാനങ്ങൾ വാങ്ങുന്നവർക്ക് ഇളവുകൾ നൽകാൻ സർക്കാർ ആലോചിക്കുന്നുണ്ട്. എംബ്രയറിന്റെ വിമാന നിർമാണ പദ്ധതി വിജയം കണ്ടാൽ ലോകത്തെ ഒന്നാംനിര കമ്പനികളായ എയർബസും ബോയിങ്ങും രാജ്യത്തെത്തുമെന്നാണ് പ്രതീക്ഷ.

വാണിജ്യ, പ്രതിരോധ, ബിസിനസ് വിഭാഗങ്ങളിലായി എംബ്രയറിന്റെ 50 ഓളം വിമാനങ്ങൾ ഇന്ത്യയിലുണ്ട്. നിലവിൽ സ്റ്റാർ എയർ കമ്പനിയാണ് എംബ്രയറിന്റെ വിമാനങ്ങൾ ഉപയോഗിക്കുന്നത്.

COURT NOTICE

BEFORE THE HONOURABLE

III rd ADDITIONAL DISTRICT COURT, THRISSUR

GO.P. 371/2025

1) Meera K. Jose, Aged 35 years, W/o Late Santhosh, Pallipurath House. P O. Ollur, Ollur village, Thrissur Taluk, Thrissur District-680 306 represented by power of attorney holder Omana Jose, aged 62 years, W/o Jose, Kavalakkatt House, PO. Nadathara, Mulayam Village, Thrissur Taluk, Thrissur District-680751
2) Omana Jose, aged 62 years, W/o Jose, Kavalakkatt House, P O. Nadathara, Mulayam Village, Thrissur Taluk, Thrissur District-680 751
3) Leena, Aged 48

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

കലോത്സവം തീം സോങ്ങ് : വിദ്യാർത്ഥികളെ അഭിനന്ദിച്ച് മന്ത്രി ഡോ: ആർ. ബിന്ദു

തൃശൂർ: കലോത്സവച്ചൂടിലേക്ക് നീങ്ങുമ്പോൾ 64-ാമത് കേരള സ്കൂൾ കലോത്സവത്തിൽ കലോത്സവം തീം സോങ്ങ് രചിച്ച് സംഗീതം നൽകി പാടുന്ന വിദ്യാർത്ഥികളെ നേരിൽക്കണ്ട് അഭിനന്ദിച്ച് ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു.വിദ്യാർത്ഥികൾ തന്നെയാണ് രചന, സംഗീതം, ആലാപനം നിർവ്വഹിച്ചിരിക്കുന്നത് എന്നതാണ് പ്രത്യേകത. പാലക്കാട്, ജി.എച്ച്. എസ്.എസ് പൊറ്റശ്ശേരിയിലെ വിദ്യാർത്ഥികളാണ് ഈ വർഷം തീം സോങ്ങ് കലോത്സവവേദിയിൽ അവതരിപ്പിക്കുന്നത്.

പ്ലസ്ടു വിദ്യാർത്ഥിയായ പ്രഫുൽ ദാസ് വി. ആണ് മനോഹരമായ തീം സോങ്ങ് രചിച്ചിരിക്കുന്നത്. വിദ്യാർത്ഥികളായ അക്ഷയ് വി കെ, ഹൃദ്യ കൃഷ്ണ എന്നിവർ ചേർന്ന് സംഗീതമൊരുക്കി. ഹൃദ്യ കൃഷ്ണ, മുഹമ്മദ് ഫായിസ് പി.കെ., സൂരജ് ചന്ദ്രൻ എ., ലക്ഷ്മിക കെ., ഗാഥാ കൃഷ്ണ കെ., ജോയൽ മൈക്കിൾ, വിഷ്ണുദത്ത് സി.പി., ആബേൽ ബിനോയ് എന്നിവർ ചേർന്നാണ് ആലപിച്ചിരിക്കുന്നത്.

ഭാവിവാഗ്ദാനങ്ങളായ പ്രതിഭകളാണ് ഈ മക്കൾ എന്നും സംഗീതത്തിലും കലയിലും മികച്ച സംഭാവനകൾ നൽകി ഇനിയും ശോഭിക്കാൻ ഇവർക്കാകട്ടെ എന്നും മന്ത്രി ഡോ. ആർ. ബിന്ദു ആശംസിച്ചു. 64-ാം സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ രക്ഷാധികാരിയാണ് മന്ത്രി ഡോ. ആർ.ബിന്ദു. കലയ്ക്കും സാഹിത്യത്തിനുമൊക്കെ മനുഷ്യ മനസ്സുകളെ കൂട്ടിയോജിപ്പിക്കാനുള്ള കഴിവുണ്ടെന്ന് കലയെ ഏറെ ആവേശത്തോടെ ഹൃദയത്തിലേറ്റുന്ന മന്ത്രി അഭിപ്രായപ്പെട്ടു.

സംസ്ഥാന സ്കൂൾ കലോത്സവം: ലഹരിക്കെതിരെ വിദ്യാർഥികളുടെ പ്രതിരോധ ശൃംഖല നാളെ

തൃശൂർ: സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് ലഹരിക്കെതിരെ വിദ്യാർഥികൾ അണിനിരക്കുന്ന പ്രതിരോധ ശൃംഖല നാളെ (ജനുവരി 9) തൃശ്ശൂർ സ്വരാജ് റൗണ്ടിൽ സംഘടിപ്പിക്കും. വൈകീട്ട് മൂന്ന് മണിയോടുകൂടിയാണ് പ്രതിരോധ ശൃംഖല സൃഷ്ടിക്കുക.

ജില്ലയിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നുള്ള 10,000ത്തോളം വിദ്യാർഥികൾ പരിപാടിയിൽ പങ്കാളികളാകും. ലഹരിവിരുദ്ധ സന്ദേശം സമൂഹത്തിലേക്ക് ശക്തമായി എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. മന്ത്രിമാരും ജനപ്രതിനിധികളും ഉൾപ്പെടെ നിരവധി പ്രമുഖർ പ്രതിരോധ ശൃംഖലയിൽ പങ്കുചേരും.

ബേബി മൂക്കൻ പൊതു പ്രവർത്തകർക്ക് മാതൃകയാണെന്ന് മുൻ മേയർ രാജൻ ജെ പല്ലൻ

മദ്യനിരോധന സമിതി രൂപം കൊള്ളുന്നതിനും മുമ്പ് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ തൃശ്ശൂരിലെ ബഹുമുഖ പ്രതിഭയായ ബേബി മൂക്കൻ പൊതു പ്രവർത്തകർക്ക് മാതൃകയാണെന്ന് തൃശൂർ മുൻ മേയർ രാജൻ ജെ പല്ലൻ പ്രസ്താവിച്ചു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് മദ്യവിമോചന മഹാ സഖ്യം നൽകുന്ന സുവർണ്ണ ജൂബിലി പുരസ്കാരം ബേബി മൂക്കന് സമർപ്പിക്കുന്ന ചടങ്ങ് സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സെന്റ് തോമസ് കോളേജ് മുൻ പ്രിൻസിപ്പൽ റവ ഡോ ദേവസി പന്തല്ലൂക്കാരനും ഫാ ജോസ് പുന്നോലിപ്പറമ്പിലും ചേർന്ന് ബേബി മൂക്കന് പൊന്നാട അണിയിച്ചു. പ്രമുഖ ചരിത്രകാരൻ ഡോ ജോർജ്ജ് മേനാച്ചേരി പുരസ്കാരം സമർപ്പിച്ചു. തൃശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോഷി വടക്കൻ മംഗളപത്രം നൽകി ദീപിക ദിനപത്രം മുൻ ബ്യൂറോ ചീഫ് ഫ്രാങ്കോ ലൂയിസ് മംഗളപത്രം വായിച്ചു.

കലാസദൻ പ്രസിഡന്റ് ബാബു ജെ കവലക്കാട്ട്, മദ്യവിമോചന മഹാ സഖ്യം സംസ്ഥാന ജനറൽ സെക്രട്ടറി കെ എ മഞ്ജുഷ, സ്പ്രം സർവ്വീസ് സെന്റർ പ്രസിഡന്റ് ജോയ് പോൾ കൂനംപ്ലാക്കൽ, അർണോസ് ഫോറം പ്രസിഡന്റ് ജോൺ കള്ളിയത്ത്, ഹാർമണി ഫെസ്റ്റിവൽ കമ്മിറ്റി പ്രസിഡന്റ് ജോൺ കാഞ്ഞരത്തിങ്കൽ, സംസ്കാര സാഹിതി ജില്ലാ സെക്രട്ടറി വി വി അനിൽകുമാർ, സെന്റ് തോമസ് കോളജ് മുൻ പ്രിൻസിപ്പൽ ഡോ ഇഗ്നേഷ്യസ് ആന്റണി, ചിട്ടി അസോസിയേഷൻ സംസ്ഥാന ട്രഷറർ സി എൽ ഇഗ്നേഷ്യസ്,പ്രിന്റേഴ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി രവി പുഷ്പഗിരി, മദ്യ വിമോചന മഹാ സഖ്യം തൃശൂർ ജില്ലാ സെക്രട്ടറി ബിന്ദു ജി മേനോൻ തുടങ്ങിയവർ പ്രസംഗിച്ചു.

ഇരിങ്ങാലക്കുട മുൻ നഗരസഭ ചെയർമാനും കെഎസ്ഇ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറുമായിരുന്ന അഡ്വ.എ.പി. ജോർജ് അന്തരിച്ചു



ഇരിങ്ങാലക്കുട: മുൻ നഗരസഭ ചെയർമാനും കെഎസ്ഇ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറുമായിരുന്ന തെക്കേ അങ്ങാടി കുറ്റിക്കാട്ട് അക്കരക്കാരൻ വീട്ടിൽ അഡ്വ.എ.പി. ജോർജ് (90) അന്തരിച്ചു. കെഎസ്ഇ കമ്പനിയുടെ സുഗമമായ നടത്തിപ്പിനു ചുക്കാൻ പിടിച്ച് ഏറ്റവും ഒടുവിലായി വിരമിച്ച സ്ഥാപക ഡയറക്ടർമാരിലൊരാളാണ്. 1994 മുതൽ കെഎസ്ഇ കമ്പനിയുടെ ഡയറക്ടർ ആൻഡ് ലീഗൽ അഡ്വൈസറായും 2015 മുതൽ എക്സിക്യൂട്ടീവ് ഡയറക്ടറായും 2018 മുതൽ 2021 വരെ മാനേജിംഗ് ഡയറക്ടറായും സേവനമനുഷ്ഠിച്ചു. എറണാകുളം ലോ കോളജ് യൂണിയൻ ചെയർമാൻ, സ്വതന്ത്ര വിദ്യാർഥി സംഘടന സംസ്ഥാന സെക്രട്ടറി, ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജ് സ്ഥാപകാംഗങ്ങളിൽ ഒരാൾ, 17 വർഷക്കാലം ഇരിങ്ങാലക്കുട മുനിസിപ്പൽ കൗൺസിലർ, 19721979 കാലഘട്ടത്തിൽ ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അഡ്വ. എ.പി. ജോർജ്, 1980ൽ നിയമസഭയിലേക്കു മത്സരിച്ചിട്ടുണ്ട്. നീണ്ട 54 വർഷം അഭിഭാഷക വൃത്തിയിൽ സേവനം ചെയ്തു. സംസ്കാരം നാളെ (വെള്ളിയാഴ്ച) രാവിലെ 11ന് ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രലിൽ നടക്കും. ഭാര്യ: ത്രേസ്യാമ്മ (ഞാറയ്ക്കൽ മേനാച്ചേരി കുടുംബാംഗമാണ്) മക്കൾ: ഡോണി (ഹോൾടൈം ഡയറക്ടർ, കെഎസ്ഇ ലിമിറ്റഡ്, ഇരിങ്ങാലക്കുട), റീന (അമേരിക്ക), ടീന (ചാലക്കുടി), ആന്റണി (ടിസിഎസ്, ചെന്നൈ). മരുമക്കൾ: മീര, ജോർജ് തേറാട്ടിൽ (അമേരിക്ക), പ്രിൻസ് പാനികുളം (ചാലക്കുടി), സുജ (ചെന്നൈ).

യുവതിയെ പുഴയിൽ എറിഞ്ഞ് കൊലപ്പെടുത്തിയ കേസ്; പ്രതിയെ വെറുതെ വിട്ടു

തൃശൂർ: ഭാര്യാ ഭർത്താക്കന്മാരെ പോലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ വാടകയ്ക്ക് താമസിച്ച വരികയായിരുന്ന സോയ (35) എന്ന യുവതിയെ ഐസ്ക്രീമിൽ ഉറക്ക ഗുളിക പൊടിച്ചു ചേർത്ത് മയക്കിയശേഷം രാത്രി 10 മണിയോടെ ഓട്ടോറിക്ഷയിൽ കയറ്റി കൊണ്ടുപോയി തൃപ്രയാർ പാലത്തിന് മധ്യഭാഗത്തായി നിർത്തി മയക്കത്തിൽ ആയ സോയയെ ഓട്ടോറിക്ഷയിൽ നിന്നും താങ്ങിയെടുത്ത്, കാനോലി കനാലിലേക്ക് തള്ളിയിട്ടു കൊലപ്പെടുത്തി തെളിവ് നശിപ്പിക്കുകയും ചെയ്തു എന്നും ആരോപിച്ച് അന്തിക്കാട് പോലീസ് ചാർജ് ചെയ്ത കേസിലെ പ്രതിയായ കിള്ളന്നൂർ വില്ലേജ് അത്തേക്കാട് ദേശത്ത് വലിയവീട്ടിൽ ആന്റോ മകൻ സ്റ്റീഫനെ (40) കുറ്റക്കാരൻ അല്ല എന്നു കണ്ടു തൃശ്ശൂർ 4-ാം അഡീഷണൽ ജില്ലാ സെഷൻസ് കോടതി ജഡ്ജ് അനിൽ ടി പി വെറുതെ വിട്ടു .

0-12-2014 തീയതി രാത്രി 10 മണിക്കു ശേഷമാണ് കേസിനാസ്പദമായ സംഭവം ഉണ്ടായത്. മൂന്ന് മക്കളുടെ അമ്മയായ മരണപ്പെട്ട സോയയും, പ്രതിയായ സ്റ്റീഫനും വർഷങ്ങളായി പ്രേമത്തിലും അടുപ്പത്തിലും ആകുകയും തുടർന്ന് ഒരുമിച്ച് വാടകയ്ക്ക് താമസിച്ച് വരികയായിരുന്നു.

സോയ വീണ്ടും ഗർഭിണിയായതിനെ തുടർന്ന് പ്രതിയുടെ ജീവിതത്തിൽ നിന്ന് സോയയെ ഒഴിവാക്കുന്നതിനു വേണ്ടി തീരുമാനിക്കുകയും, മെഡിക്കൽ ഷോപ്പിൽ നിന്നും ഉറക്ക ഗുളിക വാങ്ങി പൊടിച്ച് ഐസ്ക്രീമിൽ ചേർത്ത് സോയ്ക്ക് നൽകുകയും അബോധാവസ്ഥയിലായിരുന്ന സോയയെ പ്രതി ഉപയോഗിച്ചിരുന്ന KL-08-W-2924 നമ്പർ ഓട്ടോറിക്ഷയിൽ കയറ്റി മക്കളെയും കൂട്ടി ആശുപത്രിയിലേക്ക് കൊണ്ടു പോകുകയാണെന്ന് വിശ്വസിപ്പിച്ച് കണ്ടാണിശ്ശേരിയിൽ നിന്ന് തൃപ്രയാർ വരെ ഓട്ടോറിക്ഷ ഓടിച്ച് പാലത്തിനു മധ്യഭാഗത്തായി ചേർത്തുനിർത്തി സോയയെ താങ്ങിയെടുത്ത് കനോലി കനാലിലേക്ക് തള്ളിയിട്ട് കൊലപ്പെടുത്തുകയും, തെളിവ് നശിപ്പിക്കുകയും ചെയ്തു എന്നും ആയിരുന്നു പ്രോസിക്യൂഷൻ ആരോപണം .

മരണപ്പെട്ട സോയയുടെ ശരീരം തൃപ്രയാർ അമ്പലത്തിന്റെ കിഴക്കേ നടയിലുള്ള സരയൂ നദീതീരത്താണ് പിറ്റേദിവസം കാണപ്പെട്ടത് . സോയയുടെ മരണം ആത്മഹത്യയാണോ കൊലപാതകമാണോ എന്ന് സംശയാതീതമായി തെളിയിക്കുന്നതിനും, സോയയ്ക്ക് ഐസ്ക്രീമിൽ ഉറക്കഗുളികകൾ പ്രതി പൊടിച്ചു നൽകി എന്ന കാര്യവും തെളിയിക്കുന്നതിന് പ്രോസിക്യൂഷന് സാധിച്ചില്ലെന്ന് കണ്ടെത്തിയാണ് കോടതി പ്രതിയെ കുറ്റക്കാരനല്ലെന്നു കണ്ട് വെറുതെവിട്ടത്.

പ്രതിക്ക് വേണ്ടി അഭിഭാഷകരായ കെ ഡി ബാബു, ശരത്ത് ബാബു കോട്ടയ്ക്കൽ , കൃഷ്ണ സുരേഷ് , സജിത്ത് ബാബു കോട്ടക്കൽ എന്നിവർ ഹാജരായി.

റെയിൽവേ സ്റ്റേഷനിൽ ബൈക്കുകൾ കത്തി നശിച്ചവരുടെ യോഗം ചേരുന്നു

തൃശൂർ: റെയിൽവേ സ്റ്റേഷൻ പാർക്കിംഗ് ഏരിയയിൽ ബൈക്കുകൾ കത്തി നശിച്ചവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനും മറ്റും സ്വീകരിക്കേണ്ട തുടർ നടപടികളെ കുറിച്ച് ചർച്ചചെയ്തു തീരുമാനങ്ങൾ എടുക്കുന്നതിനായി, വാഹനങ്ങൾ കത്തിനശിച്ചവരുടെ ഒരു യോഗം ചേരുന്നു. തൃശൂർ ശക്തൻനഗർ ഹെഡ് പോസ്റ്റോഫീസിന് എതിർവശം, ക്രൗൺ ടവർ ഹാളിൽ ജനുവരി 11 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് ചേരുന്ന യോഗത്തിൽ വാഹന ഉടമകൾക്കും സുഹൃത്തുക്കൾക്കും പങ്കെടുക്കാമെന്ന് ടു വീലർ യൂസേഴ്സ് അസോസിയേഷൻ ചെയർമാൻ ജെയിസ് മുട്ടിക്കൽ, സെക്രട്ടറി ഗോപകുമാർ എന്നിവർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9447614630

അപേക്ഷ ക്ഷണിച്ചു

തൃശൂർ: ഐ എച്ച് ആർ ഡി യുടെ കീഴിൽ വരടിയത്ത് പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളിൽ ജനുവരി മാസത്തിൽ ആരംഭിക്കുന്ന പി. എസ്.സി അംഗീകൃത കോഴ്സുകളായ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (യോഗ്യത- എസ് . എ സ് . എ ൽ . സി), ഡി.സി.എ (യോഗ്യത- പ്ലസ് ടു) , പി.ജി ഡി.സി.എ(യോഗ്യത- ഡിഗ്രി) എന്നീ ഓൺലൈൻ കോഴ്സുകളിലേക്ക് അപേക്ഷ നൽകുന്നതിനുള്ള തീയതി നീട്ടി. താത്പര്യമുള്ളവർ ജനുവരി 15ന് മുൻപായി ഓൺലൈനായോ നേരിട്ടോ അപേക്ഷ സമർപ്പിക്കണം.

അവബോധന ക്ലാസ് സംഘടിപ്പിച്ചു

ഇരിഞ്ഞാലക്കുട WIMA-IMA യുടെയും സെൻറ് ജോസഫ് കോളേജ് NSS യൂണിറ്റിൻറെയും സംയുക്ത ആഭിമുഖ്യത്തിൽ സെൻറ് മേരീസ് സ്കൂളിൽ നടക്കുന്ന ചടട സപ്തദിന സഹവാസ കാമ്പില് "ഗൈനകോളജിക്കൽ ക്യാൻസർ - കാരണങ്ങളും പ്രതിരോധ മാർഗങ്ങളും" എന്ന വിഷയത്തിൽ അവബോധന ക്ലാസ് സംഘടിപ്പിച്ചു. കൊച്ചി റിനൈ മെഡിസിറ്റിയിലെ ഓങ്കോളജിസ്റ്റ് ഡോ. റോജ ജോസഫ് ക്ലാസ്സുകൾ നയിച്ചു. WIMA-IMA ഇരിഞ്ഞാലക്കുട പ്രസിഡൻറ് ഡോ.ആർ. ബി. ഉഷാകുമാരി, സെക്രട്ടറി ഡോ.റീജ എന്നിവർ സംസാരിച്ചു. ഡോ അഞ്ചു, ഡോ സിൻസി, ഡോ രാധ, WIMA മറ്റു ഭാരവാഹികൾ പങ്കെടുത്തു.

മണ്ണിന്റെ കാവൽക്കാരനുമായി സംവാദം: ചെറുവയൽ രാമൻ ദേശീയ സെമിനാറിൽ മുഖ്യ ആകർഷണമായി

ഇരിങ്ങാലക്കുട: ഭാരതീയ പരമ്പരാഗത വിജ്ഞാനവും ശാസ്ത്രീയ ചിന്തയും തമ്മിലുള്ള വിശദീകരിക്കുന്ന ദേശീയ സെമിനാറിന്റെ രണ്ടാം ദിനത്തിൽ, പത്മശ്രീ പുരസ്കാര ജേതാവും വയനാടൻ ഗോത്ര കർഷകനുമായ ചെറുവയൽ രാമൻ മുഖ്യ ആകർഷണമായി. 'വിത്തുകളുടെ വൈവിധ്യവും സവിശേഷതകളും ' എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ മണ്ണിന്റെയും വിത്തുകളുടെയും സംരക്ഷണത്തെ ആസ്പദമാക്കിയ തന്റെ ജീവിതാനുഭവങ്ങൾ അദ്ദേഹം പങ്കുവച്ചു.

കാലിക്കറ്റ് സർവകലാശാല സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അനീഷ് ഇ.എം. നയിച്ച സംവാദത്തിൽ, പരമ്പരാഗത കൃഷിജ്ഞാനത്തിന്റെ പ്രസക്തിയും പരിസ്ഥിതി സംരക്ഷണത്തിൽ അതിന്റെ പങ്കും ചർച്ചയായി. വിദ്യാഭ്യാസം പാഠപുസ്തകങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല എന്നു അഭിപ്രായപ്പെട്ട അദ്ദേഹം ആധുനിക വികസന മാതൃകകൾക്കിടയിൽ നഷ്ടമാകുന്ന നാട്ടറിവുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടി.

രാവിലെ 10 മണിക്ക് മൂൽജി ജൈതാ ഓട്ടോണമസ് കോളേജ്, ജൽഗോൺ (മഹാരാഷ്ട്ര) നോളേജ് റിസോഴ്സ് സെന്റർ ഡയറക്ടറായ ഡോ. വിജയ് ശ്രീനാഥ് കാഞ്ചി ' വേദങ്ങളിലെ ശാസ്ത്രാന്വേഷണം ' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ഭാരതീയ വേദങ്ങളിലെ ശാസ്ത്രീയ ചിന്തയുടെ ആഴവും യുക്തിബോധവും അദ്ദേഹം വിശദീകരിച്ചു.

റിസർച്ച് സെമിനാർ ഹാളിൽ 11 : 30 ന് നടന്ന ക്ലാസ് സുവോളജിസ്റ്റും വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫറുമായ ഡോ. സന്ദീപ് ദാസ് നയിച്ചു. ജനകീയ വിജ്ഞാനവും ജൈവ വൈവിധ്യ സംരക്ഷണവും തമ്മിലുള്ള ബന്ധം അദ്ദേഹം അവതരിപ്പിച്ചു. ഇതേ സെഷനിൽ മലപ്പുറം മഞ്ചേരി ഗവ. ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകനായ ശ്രീ. പ്രമോദ് ഇരുമ്പുഴി ഫോക് ലോറിൽ ഒളിപ്പിച്ചിരിക്കുന്ന ശാസ്ത്രം എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

കൂടാതെ , മുൻ ഫെഡോ ഫാക്ട് ചീഫ് എഞ്ചിനീയർ ഡോ. രാജശേഖർ പി. വൈക്കം 'ഗണിതശാസ്ത്രവും ജ്യോതിശാസ്ത്രവും തമ്മിലുള്ള സവിശേഷ ബന്ധം' എന്ന വിഷയത്തിലും പത്മശ്രീ പ്രൊഫ. ശാരദ ശ്രീനിവാസൻ (ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, ബാംഗ്ലൂർ) 'ഇന്ത്യയിലെ ആർക്കിയോമെറ്റലർജി ' എന്ന വിഷയത്തിലും പ്രഭാഷണം നടത്തി.

വിദ്യാർത്ഥികളും ഗവേഷകരും അധ്യാപകരും ഉൾപ്പെടെ വലിയൊരു സദസാണ് സെമിനാറിൽ പങ്കെടുത്തത്. ഭാരതീയ ജ്ഞാന പരമ്പരകളെ ആധുനിക ചിന്തയുമായി ബന്ധിപ്പിക്കുന്ന ഈ സെമിനാർ അക്കാദമിക രംഗത്ത് ശ്രദ്ധേയമായി.

പദ്മശ്രീ ചെറുവയൽ രാമനെ പൊന്നാടയണിയിച്ച് ആദരിക്കുന്ന പ്രിൻസിപ്പൽ ഡോ. സി. ബ്ലെസി. ഡോ. അനീഷ് ഇ. എം. സമീപം

സ്വീകരണം നൽകി

ഇരിങ്ങാലക്കുട ടൗൺ കോ ഓപറേറ്റേവ് ബാങ്ക് ജീവനക്കാരുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ എം പി ജാക്സണും ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ ജോസഫ് ചാക്കോയ്ക്കും ടി ഡി ദശോബിനും സ്വീകരണം നൽകി. മുൻ എം എൽ എ ശ്രീ പി എ മാധവൻ സ്വീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. ബാങ്ക് അസിസ്റ്റന്റ് ജനറൽ മാനേജർ നിഷ കെ ജി അധ്യക്ഷത വഹിച്ച യോഗത്തിൽ ബാങ്ക് വൈസ് ചെയർമാൻ പ്രൊഫ. ഇ ജെ വിൻസെന്റ്, ബാങ്ക് എം ഡി ജോൺ എ എൽ, മാനേജർ ബാലചന്ദ്രൻ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. കേരളാ അർബൻ ബാങ്ക് സ്റ്റാഫ് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് എം ആർ ഷാജു സ്വാഗതവും സനൽ കല്ലുക്കാരൻ നന്ദിയും പറഞ്ഞു.

വിവരാവകാശ നിയമം ദുരുപയോഗം ചെയ്ത ഹർജിക്കാരന് താക്കീത്

തൃശൂർ: വിവരാവകാശനിയമം ദുരുപയോഗം ചെയ്യുന്ന രീതിയിലുള്ള അപേക്ഷകൾ ഫയൽ ചെയ്ത് വിവരാവകാശ കമ്മീഷന്റേയും സ്ഥാപനങ്ങളുടേയും വിലപ്പെട്ട സമയം അപഹരിക്കരുതെന്ന് ഹർജിക്കാരനായ നിബിൻ കള്ളിക്കാട്ടിനെ താക്കീതു ചെയ്ത് സംസ്ഥാന വിവരാവകാശ കമ്മീഷണർ താക്കീത് ചെയ്തു. നിബിൻ കള്ളിക്കാട്ട് സമർപ്പിച്ച വിവിധ വിവരാവകാശ അപ്പീൽ ഹർജികൾ തള്ളിക്കൊണ്ട് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചു.

വിവരാവകാശ നിയമം ദുരുപയോഗം ചെയ്യുന്ന രീതിയിലുള്ള അപേക്ഷകളും അപ്പീലും ഫയൽ ചെയ്ത് എതിർകക്ഷി സ്ഥാപനങ്ങളുടെയും വിവരാവകാശ കമ്മീഷന്റെയും വിലപ്പെട്ട സമയം അപഹരിക്കരുതെന്ന് നിബിൻ കള്ളിക്കാട്ടിന് സംസ്ഥാന വിവരാവകാശ കമ്മീഷൻ ശക്തമായ താക്കീത് നൽകി.

കൽദായ സുറിയാനി സഭയുടെ സ്വത്തുക്കൾ നിയമ വിരുദ്ധമായി ട്രസ്റ്റുണ്ടാക്കുന്നതിനെതിരെ കോടതി

തൃശൂർ:പൗരസ്ത്യ കൽദായ സുറിയാനിസഭയുടെയും ഇടവക പള്ളികളുടെയും സ്ഥാവര ജംഗമ സ്വത്തുക്കളും നിയമ വിരുദ്ധമായി സ്വകാര്യ ട്രസ്റ്റിലേക്ക് മാറ്റുന്നുവെന്ന് ഫാ.സന്തോഷ് ആന്റണിയും പി.ആർ.സണ്ണിയും തൃശൂർ ജില്ല പ്രിൻസിപ്പൾ സെഷൻസ് കോടതിയിൽ ബോധിപ്പിച്ച അന്യായത്തിൽ പ്രഥമ ദൃഷ്ട്യാ ശരിയാണെന്ന് പ്രിൻസിപ്പൾ സെഷൻസ് ജഡ്ജി പി.പി.സെയ്തലവി നിരീക്ഷിച്ചു. ഹർജി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

കൽദായ സുറിയാനി സഭയുടെയും ഇടവക പള്ളികളുടെയും സ്കൂളുകളുടെയും സ്വത്തുക്കൾ മെത്രാപ്പോലീത്ത എന്ന് അവകാശപ്പെട്ട് പ്രസ്തുത സ്വത്തുക്കൾ കൈക്കാര്യം ചെയ്യുന്ന ബിഷപ്പ് മാർ ഔഗിൻ കുര്യക്കോസ് സഭാ വിരുദ്ധ നടപടികൾ ചെയ്തുവരുന്നതെന്ന് ഹർജിക്കാർ അന്യായത്തിൽ ആരോപിക്കുന്നു.

ഹർജിക്കാർക്കുവേണ്ടി അഭിഭാഷകരായ സി.ഡി.പ്രദീപും, ടി.കെ.അനിൽകുമാറും ഹാജരായി.

താലപ്പൊലി മഹോത്സവം; ജനുവരി 15 ന് കൊടുങ്ങല്ലൂർ താലൂക്കിൽ പ്രാദേശിക അവധി

കൊടുങ്ങല്ലൂർ: ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിലെ താലപ്പൊലി മഹോത്സവവുമായി ബന്ധപ്പെട്ട് ക്രമാതീതമായ ജനത്തിരക്ക് പരിഗണിച്ച് ഒന്നാം താലപ്പൊലി ആഘോഷിക്കുന്ന ജനുവരി 15 ന് കൊടുങ്ങല്ലൂർ താലൂക്ക് പരിധിയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും അങ്കണവാടികൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചുകൊണ്ട് ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ഉത്തരവിറക്കി. മുൻനിശ്ചയിച്ച പ്രകാരമുള്ള പൊതു പരീക്ഷകൾക്കും കേന്ദ്ര-സംസ്ഥാന, അർദ്ധസർക്കാർ സ്ഥാപനങ്ങളിലേക്ക് നിയമനത്തിനായി നടത്തുന്ന പരീക്ഷകൾക്കും അവധി ബാധകമല്ല.

നിര്യാതയായി ആനി

കല്ലേറ്റുംകര: കള്ളിവളപ്പിൽ വർഗ്ഗീസ് ഭാര്യ ആനി (85) നിര്യാതയായി. സംസ്ക്കാരം നടത്തി. മക്കൾ, ടോളി ആന്റു (ആളൂർ), സിസ്സി പോൾ (റിട്ടയേർഡ് ടീച്ചർ, കൊരട്ടി), മെറ്റി സണ്ണി (കല്ലേറ്റുംകര), ജോയ് വർഗ്ഗീസ് (ജാവഹർ ബാലാഭവൻ, തൃശൂർ), ജിഷ ജോയ് (ടീച്ചർ, തിരുമുടികുന്ന്)

കോടതി പരസ്യം

ബഹു. കുന്ദംകുളം കുംബ കോടതി മുമ്പാകെ

Crl MP (exe): 136/2024
MC: 401/2008

1) നൂർജഹാൻ
2) മൈനർഫാത്തിമ ഹിബ
-ഹർജിക്കാർ

അബ്ദുൾതാഹിർ, S/o. ഹമീദ്, പണിക്ക വീട്ടിൽ ഹൗസ്, കരിക്കാട് വില്ലേജ്, പരുവകുന്നത്ത് ദേശം, കുന്ദംകുളം താലൂക്ക്, പി ഒ പഴഞ്ഞി, തൃശൂർ ജില്ല, പിൻ-680542
-എതൃകക്ഷി

ഹർജിക്കാർക്ക് ജീവിത ചിലവ് സംഖ്യ ബഹു: കോടതിയുടെ ഉത്തരവ് പ്രകാരം ലഭിക്കാനുള്ളതും, ടി സംഖ്യ എതൃകക്ഷിയിൽ നിന്നും ലഭിക്കുന്നതിന് വേണ്ടി ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ ഹരജിയിൽ എതൃകക്ഷിക്കുള്ള കോടതി കല്പന നോട്ടീസ് ടിയാന്റെ വാസസ്ഥലത്തും, കോടതിയിലും പതിച്ച് നടത്താൻ കല്പിച്ച് മേൽ നമ്പ് കേസ് **29-01-2026** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. നിങ്ങൾ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് വിചാരണ ചെയ്യുന്നതാണ് എന്ന വിവരം ബോധിപ്പിച്ച് കൊള്ളുന്നു.

എന്ന്, 01-01—2026
ഹരജിഭാഗം അഡ്വക്കേറ്റ്
എ എം ഷാജൻ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശ്ശൂർ കുടുംബ കോടതി മുമ്പാകെ

OP